## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1123.

30.10.2019 ൽ മറുപടിയ്ക്ക്

### മയക്കമരുന്നുകളുടെ വ്യാപനവും ഉപയോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതലമുറയിൽപ്പെട്ടവർക്കിടയിൽ മയക്കമരുന്നുകൾ, വ്യാജമദ്യങ്ങൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വ്യാപനവും ഉപയോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുതലമുറയിൽപ്പെട്ടവർക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമേ കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ കീഴിൽ ബഹുജന പങ്കാളിത്തത്തോടു കൂടി SPC, NSS, Scout & Guides, Library Council, Sports Council, സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ. കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ വൈവിധ്യങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസലിംഗ്, ചികിത്സ എന്നിവ നൽകുന്നതിനു വേണ്ടി 3 മേഖലാ കൗൺസലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. വിമുക്തി എന്ന മൊബൈൽ ആപ്പ് മുഖേന ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ, വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുവാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |

**(സി)** ഈ സർക്കാറിന്റെ കാലയളവിൽ മയക്കമരുന്ന് വിപണനത്തിൽ ഏർപ്പെട്ടവരായി കണ്ടെത്തിയവർ എത്രയെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

**(സി)** സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടേയും പ്രതികളുടേയും വർഷം തിരിച്ചുള്ള കണക്ക്.

| വർഷം | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം |
|---|---|---|
| 2016 (01/06/2016 മുതൽ) | 2033 | 2158 |
| 2017 | 5946 | 6226 |
| 2018 | 7573 | 7798 |
| 2019 (30/09/2019 വരെ) | 5811 | 6043 |
| ആകെ | 21363 | 22225 |

**(ഡി)** ഇത്തരം മയക്കമരുന്ന് വിപണനത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ പ്രധാന പങ്ക് വഹിയ്ക്കുന്നുവെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഇ)** എങ്കിൽ ഈ സർക്കാറിന്റെ കാലയളവിൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളിൽ എത്രപേരെ ഓരോ വർഷവും കണ്ടെത്തിയിട്ടുണ്ടെന്നും ഇവരിലൂടെയുള്ള വിപണനം ഇല്ലായ്മ ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ?

**(ഡി) യും (ഇ) യും** മയക്കമരുന്ന് കടത്തിലും, ഉപയോഗത്തിലും ഇതര സംസ്ഥാന തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെങ്കിലും അവർ പ്രധാന പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകളിൽ പ്രതികളായ ഇതര സംസ്ഥാന തൊഴിലാളികളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | പ്രതികളുടെ എണ്ണം |
|---|---|
| 2016 (01/06/2016 മുതൽ) | 206 |
| 2017 | 418 |
| 2018 | 464 |
| 2019 (30/09/2019 വരെ) | 337 |

ടി തൊഴിലാളികൾ മുഖേനയുള്ള മയക്ക്മരുന്ന് വിപണനം തടയുന്നതിനായി ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ആർ.പി.എഫുമായി ചേർന്ന് പരിശോധന നടത്തുകയും ഇവർ താമസിക്കുന്ന ക്യാമ്പുകളിലും തൊഴിലിടങ്ങളിലും റെയിഡുകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരികയും ചെയ്യുന്നത് കൂടാതെ ടി ക്യാമ്പുകളിൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ